**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2688** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ്സ് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് ആനുകൂല്യം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ സ്വാശ്രയ കോളേജിലെ വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ.(പി) നം.208/66/ഇ.ഡി.എൻ, തീയതി 02.05.1966 എന്ന ഉത്തരവ് പ്രകാരമാണ് പോസ്റ്റ്മെട്രിക് തലത്തിൽ എസ്.ഇ.ബി.സി. വിഭാഗത്തിന് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നത്. ഈ ഉത്തരവ് പ്രകാരം സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകളിൽ മെറിറ്റിലും, റിസർവേഷനിലും പ്രവേശനം നേടുന്നവർക്ക് മാത്രമാണ് കെ.പി.സി.ആർ. വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത്. എന്നാൽ 29.03.2001 -ലെ സ.ഉ.(കൈ) നം.28/2001/പജപവവിവ പ്രകാരം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ സൗജന്യ സീറ്റിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം അനുവദിക്കുന്നു. 02.07.2009 -ലെ സ.ഉ.(അച്ചടി)നം.50/2009/പ.ജ.പ.വ.വി.വ. പ്രകാരം സ്വാശ്രയ കോളേജുകളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗത്തിന് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്. 23.05.2014 -ലെ സ.ഉ.(എം.എസ്)നം.10/2014/പി.സ.വി.വ. പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി ഇതേ ആനുകൂല്യം അനുവദിക്കുന്നുണ്ട്. എന്നാൽ സ്വാശ്രയ കോളേജുകളിലെ ആർട്സ് & സയൻസ് കോഴ്സുകൾക്ക് ഒ.ഇ.സി. വിഭാഗത്തിനോ ഒ.ബി.സി.(എച്ച്) വിഭാഗത്തിനോ നിലവിൽ ആനുകൂല്യം അനുവദിക്കുന്നില്ല. |
| (ബി) | സംസ്ഥാനത്തെ വിവിധ സ്വാശ്രയ കോളേജുകളിൽ ഈ ആനുകൂല്യം നൽകുന്നില്ല എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | ഉണ്ട്. സംസ്ഥാനത്തെ സ്വാശ്രയ കോളേജു കളിലെ ആർട്സ് & സയൻസ് കോഴ്സുകളിൽ പഠിക്കുന്ന |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് ആനുകൂല്യം അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ